പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 876 | 29/09/2011 ൽ മറുപടിക്ക് |

## കെ.ഇ.ആർ പരിഷ്കരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | വിദ്യാഭ്യാസ പാക്കേജ് നടപ്പിലാക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ പൊതു വിദ്യാഭ്യാസ നിയമത്തിൽ (കെ.ഇ. ആർ.) സമഗ്രമായ പരിഷ്കരണം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കെ.ഇ.ആറിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച് ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദരുമായി സർക്കാർ ഇതിനകം തന്നെ ചർച്ച നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കെ.ഇ.ആർ ൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്. |
| (സി) | കെ.ഇ.ആർ പരിഷ്കരണം സംബന്ധിച്ച് ഇതിനകം ലഭിച്ച എത്ര റിപ്പോർട്ടുകൾ സർക്കാരിന്റെ കൈവശമുണ്ട്; അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; | (സി) | ഒരു റിപ്പോർട്ട് ഉണ്ട്. സി.പി. നായർ അദ്ധ്യക്ഷനായ കമ്മിറ്റി റിപ്പോർട്ട്. |
| (ഡി) | ഇല്ലെങ്കിൽ കെ.ഇ.ആ.റിന് പകരം സമഗ്രമായ ഒരു പുതിയ വിദ്യാഭ്യാസ നിയമം കൊണ്ട് വരുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ